ഉത്തരം

(എ) സംസ്ഥാനത്തെ എൻ.ജി.ഒ. സംഘടനകളുടെ പ്രവർത്തനങ്ങൾ ചില സന്ദർഭങ്ങളിൽ വിലയിരുത്താറുണ്ട്.

(ബി) എൻ.ജി.ഒ. സംഘടനകളുടെ രാജ്യദ്രോഹ പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ റിപ്പോർട്ട് ഒന്നുംതന്നെ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടില്ല.

(സി) സുരക്ഷാ കാരണങ്ങളാൽ ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുന്നത് അഭികാമ്യമല്ല.

(ഡി) രാജ്യദ്രോഹ നീക്കങ്ങൾ ആരുടെ ഭാഗത്തുനിന്ന് ഉണ്ടായാലും കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

ഐ.എ.എസ്.-കാർക്കിടയിലെ പരാതികൾ

123 (7686) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭരണനിർവ്വഹണത്തിന്റെ ചുക്കാൻപിടിക്കുന്ന ഐ.എ.എസ്.-കാർക്കിടയിലെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) എട്ട് ഐ.എ.എസു-കാർ ഐ.എ.എസ്. അസ്സോസിയേഷന് നൽകിയ പരാതികൾ മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ടോ ; എങ്കിൽ അവ ഓരോന്നിന്മേലും കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ;

(സി) പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; പ്രസ്തുത നടപടി ഐ.എ.എസ്. അസ്സോസിയേഷൻ അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഐ.എ.എസ്. അസ്സോസിയേഷൻ പരാതി നൽകിയ ആർക്കെങ്കിലുമെതിരെ അന്വേഷണം നടത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ ; അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ഇ) ചീഫ് സെക്രട്ടറിക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത് ; വിശദമാക്കാമോ ; ഏതെല്ലാം ആരോപണങ്ങൾ സംബന്ധിച്ചാണ് അന്വേഷണത്തിന് ഉത്തരവായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) അത്തരത്തിൽ ഒരു പരാതിയും ലഭിച്ചിട്ടില്ല.

(സി) ഐ.എ.എസ്. ഓഫീസർമാർക്കിടയിൽ പ്രശ്നങ്ങളുള്ളതായി വാർത്തകൾ ശ്രദ്ധയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പ്രശ്നത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ ശ്രീ. കെ. എം. ചന്ദ്രശേഖരെ ചുമതലപ്പെടുത്താൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) സർക്കാരിൽ നിലവിലുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങൾ സ്വീകരിക്കാതെ സംസ്ഥാന ചീഫ് സെക്രട്ടറിക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഐ.എ.എസ്. അസോസിയേഷനിൽ നൽകിയതും ദൃശ്യമാധ്യമങ്ങളുമായി പങ്കുവെച്ചതുമായ ഡോ. രാജു നാരായണസ്വാമി ഐ.എ.എസ്സിന്റെ നടപടിയെക്കുറിച്ച് വസ്തുതാപരമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം ഐ.എ.എസ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) ചീഫ് സെക്രട്ടറിക്കെതിരെ ഇക്കാര്യത്തിൽ അന്വേഷണമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

124 (7687) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം ക്രൈം നമ്പർ പ്രകാരമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കേസ്സുകൾ ചാർജ് ചെയ്ത് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ക്രൈം നമ്പരിലും മനുഷ്യക്കടത്തിന് ഇരയായവർ എത്രപേർ വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഓരോ ക്രൈം നമ്പരിലും മനുഷ്യക്കടത്തിന് ഇരയായവരിൽ എത്രപേർ പ്രായപൂർത്തിയാകാത്തവരുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5 കേസുകൾ.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേസ്സുകളുടെ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

(ഡി&ഇ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly